◆ മിഡിലീസ്റ്റ് ഡയറി

അബൂസൈനബ്

# ദുരിതാശ്വാസ പ്രവർത്തകരും കരിമ്പട്ടികയിൽ

ഹിസ്ബുല്ലയുടെ നേതൃത്വത്തിലുള്ള നിർമാണ കമ്പനിയാണ് 'പുനർനിർമാണത്തിനുള്ള പോരാട്ടം'എന്നർഥം വരുന്ന ജിഹാദ് അൽ ബിനാ. പോരാട്ടവീര്യത്തിന്റെ കഥകൾ പറയുന്ന ശീഈ പ്രസ്ഥാനം നിർമാണ കമ്പനിയുടെ പേരിലും പോരാട്ട മുദ്രകൾ ചേർത്തുവെച്ചിരിക്കുന്നു. ബഹുരാഷ്ട്ര നിർമാണകമ്പനിയല്ല ജിഹാദ് അൽ ബിനാ. ഇസ്രയേൽ ബോംബിംഗിൽ തകർന്നു തരിപ്പണമായ ലബനാനികളുടെ സ്വപ്നങ്ങൾ കരുപ്പിടിപ്പിക്കുന്നതിൽ അനൽപമായ പങ്കുവഹിക്കുന്നുവെന്നതാണ് അതിന്റെ സവിശേഷത. 34 ദിവസം നീണ്ട യുദ്ധത്തിൽ ഇസ്രയേൽ നശിപ്പിച്ച ദക്ഷിണ ലബനാനിലെ ജനങ്ങളുടെ വസതികളും കെട്ടിടങ്ങളും പുനർനിർമിച്ചു കൊടുക്കുകയെന്ന വലിയ ദൗത്യം ഏറ്റെടുത്തിരിക്കുകയാണ് കമ്പനി. ജിഹാദ് അൽ ബിനായിലെ കർമസജ്ജരായ പ്രവർത്തകർ രാപ്പകലില്ലാതെ അത്യധ്വാനം ചെയ്ത് നിരവധി പേർക്ക് വീടുകൾ നിർമിച്ചുകൊടുത്തു. ഇപ്പോഴും സന്നദ്ധ സേവനം തുടരുന്നു. സ്രിഫ ടൗണിൽ സയണിസ്റ്റ് സേന നടത്തിയ ബോംബിംഗിൽ 37 പേർ കൊല്ലപ്പെടുകയും 250 വീടുകൾ തകർക്കപ്പെടുകയും ചെയ്തിരുന്നു. ജിഹാദ് അൽ ബിനായുടെ പ്രവർത്തകർ ഈ പ്രദേശത്തെ വീടുകൾ പുനർനിർമിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുന്നതിൽ വ്യാപൃതരാണ്. വീടുപണി പൂർത്തിയാകുന്നതുവരെ കുടുംബങ്ങൾക്ക് താമസിക്കാൻ താൽക്കാലികാശ്വാസമായി പണവും നൽകുന്നുണ്ട് ഹിസ്ബുല്ല. യുദ്ധത്തിൽ തകർന്ന തന്റെ വീടും ടൈലറിംഗ് ഷോപ്പും പുനർനിർമിക്കുന്നതുവരെ വാടകക്ക് മറ്റൊരിടത്ത് താമസിക്കാൻ 10,000 ഡോളർ നൽകിയതായി ഹജ്ജ് ഹുസൈൻ ലഹാം എന്നയാൾ സാക്ഷ്യപ്പെടുത്തുന്നു. സ്രിഫ ടൗണിനെ പൂർവസ്ഥിതിയിൽ കൊണ്ടുവരാൻ 50 ലക്ഷം ഡോളറാണ് കമ്പനി വകയിരുത്തിയിരിക്കുന്നത്.

പക്ഷേ, ജിഹാദ് അൽ ബിനായെ അമേരിക്കൻ ഭരണകൂടം ഇക്കഴിഞ്ഞയാഴ്ച കരിമ്പട്ടികയിൽ പെടുത്തിയിരിക്കുകയാണ്. ഹിസ്ബുല്ല ഓപറേറ്റ് ചെയ്യുന്ന ഈ നിർമാണ കമ്പനി ഇറാന്റെ ഫണ്ട് ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നതെന്നാണ് വൈറ്റ് ഹൗസിന്റെ ആരോപണം. ഹിസ്ബുല്ല നേതാവ് ഹസൻ നസ്റുല്ലയുടെ നേതൃത്വത്തിൽ സംഘടനയുടെ ശൂറാ കൗൺസിലാണ് ജിഹാദ് അൽ ബിനായുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതെന്ന് യു.എസ് ട്രഷറി അണ്ടർ സെക്രട്ടറി സ്റ്റുവാർട്ട് ലെവി വിശദീകരണവും നൽകിയിട്ടുണ്ട്.

ഹിസ്ബുല്ലയുടെ നിർമാണ കമ്പനി ഇന്നലെ തുടങ്ങിയതൊന്നുമല്ല. 1982-ൽ ലബനാനിൽ ഇസ്രയേൽ നടത്തിയ അധിനിവേശ വേളയിലാണ് കമ്പനിയുടെ തുടക്കം. അന്നു മുതൽ ഇസ്രയേലീ ആക്രമണത്തിൽ വീടും കെട്ടിടങ്ങളും നഷ്ടപ്പെടുന്നവർക്ക് അവ പുനർനിർമിച്ചു നൽകിയിരുന്നത് കമ്പനിയായിരുന്നു. ഹിസ്ബുല്ലക്ക് ബൃഹത്തായ സാമൂഹിക സേവന വിഭാഗങ്ങളുണ്ട്. ലബനാന്റെ വിവിധ ഭാഗങ്ങളിലായി സംഘടന സ്ഥാപിച്ച 14 സ്കൂളുകളിൽ 14,000-ത്തിലേറെ കുട്ടികളാണ് അധ്യയനം നടത്തുന്നത്. ദക്ഷിണ ലബനാനിലും ബെക്ക താഴ്വരയിലും പ്രവർത്തിക്കുന്ന രണ്ട് അത്യാധുനിക ആശുപത്രികളും 36 ക്ലിനിക്കുകളും ആതുര ശുശ്രൂഷാ രംഗത്തും ഹിസ്ബുല്ല ശ്രദ്ധ പുലർത്തുന്നുവെന്നതിന്റെ തെളിവുകളാണ്.

തങ്ങൾ നൽകിയ ബോംബുകൾ ഉപയോഗിച്ച് ലെബനാനികളുടെ വാസസ്ഥലങ്ങൾ ഇസ്രയേൽ നശിപ്പിച്ചപ്പോൾ അതിനെ ന്യായീകരിക്കുന്നതിൽ മടി കാട്ടാതിരുന്ന അമേരിക്കൻ ഭരണകൂടം, വീടു നഷ്ടപ്പെട്ടവരെ സഹായിക്കുന്നവരെ കരിമ്പട്ടികയിൽ പെടുത്തിയത് തമാശയാണെന്നാണ് ജിഹാദ് അൽ ബിനായുടെ ഓപറേഷൻസ് ഡയറക്ടർ അബൂ മഹ്മൂദ് പ്രതികരിച്ചത്. 'ഞങ്ങൾ നടത്തുന്നത് ജീവകാരുണ്യ പ്രവർത്തനങ്ങളാണ്. അമേരിക്കൻ ട്രഷറി വകുപ്പിന്റെ പ്രഖ്യാപനം ഞങ്ങൾക്ക് കൂടുതൽ നിശ്ചയദാർഢ്യമാണ് നൽകിയിരിക്കുന്നത്. പ്രകൃതി ദുരന്തമുണ്ടായി കഷ്ടപ്പാടുകൾ അനുഭവിക്കുകയാണെങ്കിൽ അമേരിക്കൻ ജനത

യെ സഹായിക്കാൻ പോലും ഞങ്ങൾ ഒരുക്കമാണ്'- മഹ്മൂദ് പറയുന്നു.

ഹിസ്ബുല്ലയെയും ഇറാനെയും ലക്ഷ്യമിട്ട് ബുഷ് ഭരണകൂടം നടത്തുന്ന നീക്കങ്ങളുടെ ഭാഗമാണ് മേൽ സൂചിപ്പിച്ചത്. സുന്നികളെയും ശീഈകളെയും തമ്മിലടിപ്പിക്കാനും മുസ്‌ലിംകൾക്കിടയിൽ ആഭ്യന്തര കുഴപ്പങ്ങൾ സൃഷ്ടിക്കാനുമുള്ള യാങ്കീ നീക്കം മുസ്‌ലിംനേതൃത്വം തിരിച്ചറിയുന്നുണ്ട്. ഇറാൻ പ്രസിഡന്റ് മഹ്മൂദ് അഹ്മദി നിജാദ് ഇക്കഴിഞ്ഞയാഴ്ച സുഊദി അറേബ്യയിൽ മിന്നൽ സന്ദർശനം നടത്തി അബ്ദുല്ല രാജാവുമായി കൂടിക്കാഴ്ച നടത്തിയത് ഇതിന്റെ ഭാഗമാണ്. നിജാദ്-അബ്ദുല്ല കൂടിക്കാഴ്ചയോടെ ഇറാഖിലെ സുന്നീ-ശീഈ കലാപങ്ങൾ പൂർണമായും അവസാനിക്കുമെന്ന് ആരും കരുതുന്നില്ലെങ്കിലും ഇരു വിഭാഗങ്ങളെയും പ്രതിനിധാനം ചെയ്യുന്ന മേഖലയിലെ രണ്ട് പ്രമുഖ രാജ്യങ്ങൾ ഐക്യത്തോടെ വർത്തിക്കുമെന്ന് തീരുമാനമെടുത്തത് ക്രിയാത്മകമായ നീക്കമാണ്.

ഇറാനിൽ കുഴപ്പമുണ്ടാക്കാൻ ഭീകര സംഘടനകൾക്ക് അമേരിക്ക പണം വിതരണം ചെയ്യുന്നതായി ഈയിടെ ലണ്ടനിലെ *സണ്ടേ ടെലിഗ്രാഫ്* പ്രത്യേക റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. ഇറാനിലെ സിസ്താൻ-ബലൂചിസ്താൻ പ്രവിശ്യയിലെ ബോംബ് സ്ഫോടനങ്ങൾക്കു പിന്നിൽ പ്രവർത്തിച്ച വിഘടനവാദ ഗ്രൂപ്പുകൾക്ക് അമേരിക്ക സാമ്പത്തിക, ആയുധ സഹായങ്ങൾ നൽകുന്നതായി തെഹ്റാൻ ആരോപിച്ചിരുന്നു. കോപ്റ്റർ തകർന്ന് ഇറാന്റെ വിപ്ലവഗാർഡുകൾ കൊല്ലപ്പെട്ട സംഭവത്തിന്റെ ഉത്തരവാദിത്വം ഇറാൻവിരുദ്ധ തീവ്രവാദ സംഘടന ഏറ്റെടുക്കുകയുമുണ്ടായി.

*സണ്ടേ ടെലിഗ്രാഫ്* റിപ്പോർട്ട് ശരിവെക്കുന്നതാണ് പ്രമുഖ അമേരിക്കൻ അന്വേഷണാത്മക പത്രപ്രവർത്തകൻ സെയ്മുർ ഹർഷ് *ന്യൂയോർക്കർ* മാഗസിനിൽ കഴിഞ്ഞയാഴ്ച എഴുതിയ *ദ റീഡയറക്ഷൻ* എന്ന ലേഖനം. ഇറാനെയും സിറിയയെയും ലക്ഷ്യമിട്ട് ആസൂത്രിതമായ ഗൂഢപദ്ധതികൾ വൈറ്റ് ഹൗസ് നടപ്പാക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുന്ന ഹർഷ്, മറ്റൊരു സുപ്രധാന വിവരവും നൽകുന്നു. ഹിസ്ബുല്ലയെ പ്രതിരോധിക്കാൻ അൽഖാഇദയുമായി ആദർശ ബന്ധമുള്ള ലബനാനിലെ സുന്നി ജിഹാദിസ്റ്റ് ഗ്രൂപ്പുകൾക്ക് വൻ സാമ്പത്തിക സഹായം അമേരിക്ക ചൊരിയുന്നുണ്ടെന്നും യു.എസ് കോൺഗ്രസ്സിനെപ്പോലും മറികടന്നാണ് ഈ നടപടിയെന്നും ഗവൺമെന്റ് കൺസൽട്ടന്റുകളെ ഉദ്ധരിച്ച് ഹർഷ് വിശദീകരിക്കുന്നു. അത്യധികം അപകടം പിടിച്ച ഒപ്പറേഷനാണിതെന്ന് ബന്ധപ്പെട്ടവർ സമ്മതിക്കുന്നുണ്ട്. മുസ്‌ലിംകൾക്കിടയിൽ സുന്നീ-ശീഈ വിഭാഗീയത ഊതിവീർപ്പിക്കാൻ ഇസ്രയേലുമായി കൈകോർത്ത് വാഷിംഗ്ടൺ ശ്രമിക്കുന്നതായി ഹിസ്ബുല്ല നേതാവ് ഹസൻ നസ്റുല്ല ഈയിടെ ആരോപിച്ചതും ഇതോട് ചേർത്തു വായിക്കണം.

ഫലസ്ത്വീനിലും ബുഷിന്റെ ഏജന്റുമാർ ഇക്കളി നടത്തിനോക്കിയിട്ടുണ്ട്. പരസ്പരം പോരടിച്ച ഹമാസ്, ഫത്ഹ് വിഭാഗങ്ങളും സുഊദി അറേബ്യയിലെ അബ്ദുല്ല രാജാവും സന്ദർഭത്തിനനുസരിച്ച് ഉയർന്നുപ്രവർത്തിച്ചതിനാൽ യാങ്കീ ഗൂഢതന്ത്രങ്ങൾ പൂർണമായും വിജയിച്ചില്ല. ഹമാസിനെ തകർക്കാനും ഫലസ്ത്വീനിൽ ആഭ്യന്തര കലാപമുണ്ടാക്കാനും മഹ്മൂദ് അബ്ബാസ് നേതൃത്വം നൽകുന്ന ഫത്ഹ് വിഭാഗത്തിന് ആയുധങ്ങൾ നൽകുകയായിരുന്നു അമേരിക്ക. ഇക്കാര്യം വാഷിംഗ്ടൺ പരസ്യമായി പ്രഖ്യാപിച്ചതുമാണ്. അന്നതിന് കൂട്ടുനിന്ന അബ്ബാസ് വൈകിയാണെങ്കിലും യാഥാർഥ്യം മനസ്സിലാക്കി അനുരഞ്ജനത്തിന്റെ പാതയിലേക്ക് വരികയായിരുന്നു.

ഡിസംബർ, ജനുവരി മാസങ്ങളിൽ സോമാലിയയിലും അമേരിക്കൻ ഗൂഢനീക്കം അരങ്ങേറി. യുദ്ധപ്രഭുക്കളുടെ കൂത്തരങ്ങായി മാറിയ ഈ ആഫ്രിക്കൻ നാടിന് സമാധാനത്തിന്റെ പുതുപ്രഭാതം വിളംബരം ചെയ്ത് കടന്നുവന്ന ഇസ്‌ലാമിക് കോർട്ട്സ് പോരാളികളെ തകർക്കാൻ അയൽ രാജ്യമായ എത്യോപ്യയെ അധിനിവേശ നാടകം കളിപ്പിച്ചത് അമേരിക്കയായിരുന്നു. എത്യോപ്യൻ സൈന്യം സോമാലിയയിൽ പ്രവേശിച്ചതിനു പിന്നാലെ അൽ ഖാഇദക്കാരെ തുരത്താനെന്ന പേരിൽ അമേരിക്കൻ സൈന്യം നടത്തിയ മാരകമായ ബോംബിംഗിൽ നിരവധി സിവിലിയന്മാർ കൊല്ലപ്പെടുകയുണ്ടായി.

സെയ്മുർ ഹർഷിലേക്കു തന്നെ തിരിച്ചെത്താം. അമേരിക്കയുടെ ഒളിയജണ്ടകളിലൂന്നിയുള്ള ഓപറേഷനുകളാണ് രഹസ്യാന്വേഷണ വിഭാഗം മുൻ ഡയറക്ടർ ജോൺ നെഗ്രോപോണ്ടെ തൽസ്ഥാനം രാജിവെക്കുന്നതിലേക്ക് വഴിവെച്ചതെന്ന് അദ്ദേഹം വിശദീകരിക്കുന്നു. രാജിക്കുശേഷം കോണ്ടലിസ റൈസിനു താഴെ വിദേശകാര്യ വകുപ്പിൽ ഡെപ്യൂട്ടി സെക്രട്ടറി പദവി ഏറ്റെടുക്കുകയായിരുന്നു യു.എന്നിലെ ഈ മുൻ അംബാസഡർ. ഇറാൻ കോൺട്ര ഇടപാടിൽ മുഖ്യ പങ്കുവഹിക്കുകയും പ്രതിപ്പട്ടികയിൽ ഇടംപിടിക്കുകയും ചെയ്ത നെഗ്രോപോണ്ടെ വീണ്ടും വിവാദ ഓപറേഷനുകളിൽ പങ്കാളിയാകുന്നത് ഒഴിവാക്കുകയായിരുന്നുവെന്ന് ഹർഷ് വിലയിരുത്തുന്നു. ഇറാൻ-ഇറാഖ് യുദ്ധത്തിൽ സദ്ദാം ഹുസൈനെ പണവും ആയുധവും നൽകി പിന്തുണക്കുകയും മറുഭാഗത്ത് ഇറാന് ആയുധം വിറ്റ് പ്രസ്തുത പണം നിക്കരാഗ്വയിലെ ഇടതുപക്ഷ സാന്റിനിസ്റ്റ സർക്കാറിനെ അട്ടിമറിക്കാൻ കോൺട്രാ കലാപകാരികൾക്ക് നൽകുകയും ചെയ്ത റീഗൻ ഭരണകൂടത്തിന്റെ നടപടി വൻ വിവാദങ്ങൾക്ക് വഴിവെച്ചിരുന്നു. നിക്കരാഗ്വയുടെ അയൽരാജ്യമായ ഹോണ്ടുറാസിൽനിന്നാണ് കോൺട്രകൾ ഓപറേഷൻ നടത്തിയിരുന്നത്. 1981 മുതൽ '85 വരെ ഹോണ്ടുറാസിലെ യു.എസ് സ്ഥാനപതിയായിരുന്ന നെഗ്രോപോണ്ടെയാണ് കോൺട്രകൾക്ക് ഫണ്ട് കൈമാറിയിരുന്നത്. അമേരിക്കക്ക് അനിഷ്ടമുള്ള ഒരു സർക്കാറിനെ മറിച്ചിടാൻ നടത്തിയ നിയമവിരുദ്ധമായ ഇടപാടിൽ നെഗ്രോപോണ്ടയോടൊപ്പം പങ്കെടുത്ത ദേഹങ്ങളൊക്കെ ബുഷ് ഭരണകൂടത്തിൽ നേരിട്ടും അല്ലാതെയും മാന്യമായ പദവികൾ വഹിക്കുന്നുണ്ട്. എലിയറ്റ് എബ്രാംസ് ജൂനിയർ ബുഷിന്റെ സ്പെഷ്യൽ അസിസ്റ്റന്റും ഒലിവർ നോർത്ത് ബുഷ് അനുകൂല ഫോക്സ് ടി.വി ചാനലിൽ സ്ഥിരം കമന്റേറ്ററുമാണ്. ജോൺ പോയിന്റക്സ്റ്റർ ഗവൺമെന്റിന്റെ വാർത്താ ബോധവത്കരണ ഓഫീസിന്റെ തലവനായിരുന്നു. ബുഷ് ഭരണകൂടത്തിന്റെ നയങ്ങൾ രൂപപ്പെടുത്തുന്ന നിയോ കൺസർവേറ്റീവുകളുടെ ബുദ്ധികേന്ദ്രമായി അറിയപ്പെടുന്ന അമേരിക്കൻ എന്റർപ്രൈസസ് ഇൻസ്റ്റിറ്റ്യൂട്ടിൽ റസിഡന്റ് സ്കോളറാണ് മൈക്കൽ ലെഡീൻ.

കോൺട്രകൾക്ക് ഫണ്ട് ചൊരിഞ്ഞ സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റിലെ ഉന്നതന്മാർ, ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അമേരിക്കൻ കോൺഗ്രസ് നീക്കിവെച്ച കോടിക്കണക്കിന് ഡോളർ മയക്കുമരുന്ന് കള്ളക്കടത്തുകാർക്ക് നൽകിയിരുന്നതായി കോൺട്ര ഇടപാട് അന്വേഷിച്ച ജോൺ കെറി അധ്യക്ഷനായ സെനറ്റ് കമ്മിറ്റി 1988-ൽ കണ്ടെത്തിയിരുന്നു.

പഴയ ഇടപാടിലെ മേലാളന്മാർ തന്നെയാണ് ജൂനിയർ ബുഷിന്റെ അട്ടിമറി നീക്കങ്ങൾക്കും ചുക്കാൻ പിടിക്കുന്നത്.

അമേരിക്കയുടെയും ബ്രിട്ടന്റെയും സമ്മർദത്തിന് വഴങ്ങി പുതിയ ഹൈഡ്രോകാർബൺ നിയമത്തിന് ഇറാഖി ഭരണകൂടം ഒപ്പുചാർത്താനിരിക്കുകയാണ്. അടുത്ത 35 വർഷത്തേക്ക് ഇറാഖിന്റെ എണ്ണ ശേഖരം വിദേശ ഭീമന്മാർക്ക് തീറെഴുതുന്നതാണ് ഈ കരാർ. ഇറാഖിനെ വിൽക്കാനുള്ള പരസ്യമായ നീക്കങ്ങൾ ഒരുഭാഗത്തും ഒളിയജണ്ടകൾ മറുഭാഗത്തും അരങ്ങേറുമ്പോൾ ഉച്ചകോടികളും സമ്മേളനങ്ങളും നടത്തി പിരിയുകയാണ് മുസ്‌ലിം രാഷ്ട്ര നേതൃത്വങ്ങൾ.

aboozainab@yahoo.co.uk